കമാന്റ് ഏരിയ വികസന പദ്ധതി

233 (922) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ വികസന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുക്കിയ മാനദണ്ഡപ്രകാരം പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷിക ഉല്പാദനത്തിൽ കമാന്റ് ഏരിയ വികസന പദ്ധതികൊണ്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജനപങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തൽ നടത്തുന്നുണ്ട്. കേരളത്തിലെ 18 ജലസേചന പദ്ധതികളാണ് കമാന്റ് ഏരിയ വികസന പരിപാടിയുടെ കീഴിൽ സമഗ്ര വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 14 പദ്ധതികളിൽ കാഡ പ്രവർത്തനം പൂർത്തീകരിക്കുകയും അതിന്റെ തുടർപരിപാലനം അതാത് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഏല്പിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതികളായ കാഞ്ഞിരപ്പുഴ, കല്ലട, മൂവാറ്റുപുഴ, പഴശ്ശി എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ റീ-സ്ട്രക്ചേഡ് കമാന്റ് ഏരിയ ഡവലപ്മെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. കാഞ്ഞിരപ്പുഴ പദ്ധതിക്കായി 8467 ഹെക്ടർ ആയക്കെട്ട് പ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത്. അതിൽ 7476.85 ഹെക്ടർ പ്രദേശത്തെ കാർഷിക വികസനത്തിനായി ഫീൽഡ് ചാനലും 7667 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിനും നടപ്പിലാക്കിയിട്ടുണ്ട്. 192 കർഷക സമിതികൾ രൂപീകരിക്കുകയും പൂർത്തീകരിച്ച പ്രവൃത്തികൾ അതാത് കർഷക സമിതികളുടെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്നു. കല്ലട പദ്ധതിക്കായി ഏറ്റെടുത്തത് 16233 ഹെക്ടർ ആയക്കെട്ട് പ്രദേശമാണ്. 467.74 ഹെക്ടർ പ്രദേശത്ത് മാത്രമെ ഫീൽഡ് ചാനൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കല്ലട പ്രോജക്ടിൽ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനാവശ്യമായ സ്പൗട്ട് ഇല്ലാത്തത് ഫീൽഡ് ചാനൽ പ്രവൃത്തികൾക്ക് വിഘാതം സൃഷ്ടിക്കുന്നു. എട്ട് സ്പൗട്ടുകൾ നിർമ്മിച്ച് നൽകുന്നതിന് പ്രോജക്ട് അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഫീൽഡ് ചാനൽ പ്രവൃത്തികൾ ചെയ്യുടങ്ങാൻ കഴിയും. പ്രസ്തുത പ്രോജക്ടിൽ 6438 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിൻ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 231 കർഷക സമിതികൾ ഈ പ്രോജക്ടിൽ രൂപീകരിച്ചിട്ടുണ്ട്. പഴശ്ശി പദ്ധതിയിൽ കാഡ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവശ്യമായ വെള്ളത്തിന്റെ ലഭ്യത കുറവായതിനാൽ ആ പദ്ധതി തന്നെ നിർത്തലാക്കുവാൻ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിന്റെ പഠനം നടത്തുന്നതിന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM)- നെ ഏൽപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ പദ്ധതിയിൽ 2012-ലാണ് കാഡ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. മൊത്തം 19000 ഹെക്ടർ പ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത്. 1328.62 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ചാനലും 265.8 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിനും നിർമ്മിച്ചിട്ടുണ്ട്. 95 കർഷക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കാഡയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ കാഡയുടെ കീഴിലുണ്ടായിരുന്ന ഇവാല്യുവേഷൻ വിഭാഗമാണ് 31-3-2015 വരെ നടത്തിവന്നിരുന്നത്. 1-4-2015 മുതൽ കേരളത്തിൽ വാട്ടർ ആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (WALMI) ആയി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) ആണ് കാഡയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നത്.

(ബി) പുതുക്കിയ മാനദണ്ഡപ്രകാരം പ്രധാന പ്രവർത്തനങ്ങളായ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ, റിക്ലമേഷൻ എന്നിവ കൂടാതെ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നിലവിലുള്ള സിസ്റ്റത്തിന്റെ പോരായ്മകൾ പരിഹരിച്ചുവരുന്നു.

(സി) കമാന്റ് ഏരിയ വികസന പദ്ധതികൊണ്ടുള്ള പുരോഗതി വിലയിരുത്താൻ വാട്ടർ ആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ മാസവും പുരോഗതി വിലയിരുത്തുന്നുണ്ട്.

(ഡി) ജനപങ്കാളിത്തത്തോടെയാണ് കാഡപദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഓരോ പദ്ധതി പ്രവൃത്തികൾക്കും കർഷക സമിതികൾ രൂപീകരിക്കുകയും പദ്ധതി വിഹിതമായി ഓരോ കർഷക സമിതിയും പത്ത് ശതമാനം തുക പദ്ധതികൾക്കായി നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കർഷക സമിതികൾക്ക് മാനേജീരിയൽ സബ്സിഡി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly